**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** | **02-02-2023 - ൽ മറുപടിയ്ക്ക്**

**കയർ ഉല്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കയർപിരി മേഖലയിൽ ഉത്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ കഴിയാത്തതുമൂലം തൊഴിലാളി സംഘങ്ങളും തൊഴിലാളികളും അനുഭവിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവൽക്കരണത്തിലൂടെയും ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിറ്റഡ് പരമ്പരാഗത ഉല്പന്നങ്ങളുടെ വിപണനം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വഴി 'കയറിനൊപ്പം പ്രകൃതിക്കൊപ്പം' എന്ന പേരിൽ കേരളമാകെ കയറുല്പന്നങ്ങൾ വിപണനം ചെയ്യുന്ന പദ്ധതി നടപ്പാക്കി വരുന്നു. |
| (ബി) | സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഫർണിഷിംഗ് ആവശ്യത്തിന് നിർബന്ധമായും കയർ ഉല്പന്നങ്ങൾ ഉപയോഗിക്കണം എന്ന ഉത്തരവ് പുറപ്പെടുവിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ കയർ ഉല്പന്നങ്ങൾ (കയർ പായകൾ) ഉപയോഗിച്ച് വിവിധ ഓഫീസുകളുടെ ഓഡിറ്റോറിയങ്ങളും മറ്റും മോടിപിടിപ്പിക്കുകയും സൗണ്ട് പ്രൂഫ് ചെയ്യുന്നതിനായുള്ള പ്രവർത്തികളും നിലവിൽ ഏറ്റെടുത്ത് നിർവ്വഹിക്കുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടികളിൽ പങ്കെടുക്കാതെ കയർ കോമ്പോസിറ്റ് ബോർഡുകൾ കൊണ്ട് നിർമ്മിക്കുന്ന ഫർണിച്ചറുകൾ, കയർ ഉൽപ്പന്നങ്ങൾ എന്നിവ വിപണനം നടത്തുന്നതിന്, സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് ലഭിക്കണമെന്ന കയർ പൊതുമേഖലാ സ്ഥാപനങ്ങളായ ഫോം |

| | | | |
|---|---|---|---|
| | | | മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നിവരുടെ അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | കയർ ഉല്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | കേരള സംസ്ഥാന കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ 'കയറിനൊപ്പം പ്രകൃതിക്കൊപ്പം' എന്ന പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വഴി കയറുല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. പൊതുമരാമത്ത് വകുപ്പിനും, കേരള ബാങ്ക്, കെ.എസ്.എഫ്.ഡി.സി, മത്സ്യഫെഡ്, കെ.എം.എം.എൽ എന്നീ സർക്കാർ സ്ഥാപനങ്ങൾക്കും ഈ പദ്ധതിയിലൂടെ ഉല്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്.<br><br>കയർ മേഖലയിൽ നിന്നുള്ള പ്രധാന കയർ ഉൽപ്പന്നമായ കയർ ഭൂവസ്ത്രത്തിന്റെ ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ നടപടികൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നു. കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് ഭൂവസ്ത്ര വിതരണം വ്യാപിപിക്കുന്നതിനും പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ത്രിതല പഞ്ചായത്തുകളിൽ എത്തിക്കുന്നതിനുമായി എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും അത്തരത്തിൽ ഉപയോഗിക്കുന്ന ഭൂവസ്ത്രത്തിന് നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗുണനിലവാര സർട്ടിഫിക്കറ്റ് ഉറപ്പാക്കുന്നതിനും തീരുമനം കൈക്കൊണ്ടിട്ടുണ്ട്.<br><br>ഇതിനോടപ്പം തന്നെ കേരളത്തിലെ വിവിധ സർവ്വകലാശാലകൾ, സോയിൽ കൺസർവേഷൻ വകുപ്പ്, കെ.എസ്.ഇ.ബി മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് മണ്ണ്-ജല-സംരക്ഷണ പ്രവർത്തികൾ ഭൂവസ്ത്രം ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.<br><br>കേരളത്തിനു പുറത്ത് വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾ ഉൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിലേക്ക് കയർ ഭൂവസ്ത്രത്തിന് വിപണി |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ